**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 69** | **09-10-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യോല്പാദനം വർദ്ധിപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. എം.വിജിൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യോല്പാദനം വർദ്ധിപ്പിക്കാനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കാനും നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ മത്സ്യോല്പാദനം വർദ്ധിപ്പിച്ച് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ മത്സ്യലഭ്യതയും വരുമാന വർദ്ധനവും ലക്ഷ്യമിട്ട് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ലിമിറ്റഡ് മുഖേന തിരുവനന്തപുരം ജില്ലയിലെ തീരക്കടലിൽ കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്ന പദ്ധതി 2011-12 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്നു. 2011-12 സാമ്പത്തിക വർഷം മുതൽ 2021-22 വരെ തിരുവനന്തപുരം ജില്ലയിലെ 16 മത്സ്യഗ്രാമങ്ങളിലായി 4190 കൃത്രിമപ്പാരുകൾ നിക്ഷേപിച്ചു കഴിഞ്ഞു. “കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിലൂടെ കേരള സംസ്ഥാനത്തിന്റെ സുസ്ഥിര മത്സ്യബന്ധന വികസനവും ഉപജീവന മാർഗ്ഗം പ്രോത്സാഹിപ്പിക്കലും” എന്ന പദ്ധതിക്ക് കേന്ദ്രസർക്കാരിന്റെ പി.എം.എം.എസ്.വൈ 2022-23 പദ്ധതിയിൽ ഉൾപ്പെടുത്തി 13.02 കോടി രൂപയുടെ അംഗീകാരം ലഭ്യമായിരുന്നു. തിരുവനന്തപുരം ജില്ലയിലെ മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ ആകെ 6300 കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനോടകം 6300 കൃത്രിമപ്പാരുകളുടെയും നിർമ്മാണം പൂർത്തീകരിക്കുകയും തിരഞ്ഞെടുത്ത 33 മത്സ്യഗ്രാമങ്ങളുടെ തീരക്കടലിൽ 42 ലൊക്കേഷനുകളിലായി കൃത്രിമപ്പാരുകൾ നിക്ഷേപിച്ച് പദ്ധതി നടപ്പാക്കുകയും ചെയ്തു. പദ്ധതിയുടെ ഭാഗമായുള്ള അണ്ടർ വാട്ടർ സ്റ്റഡി നടപ്പാക്കുന്നതിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖാന്തരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br><u>"സീ റാഞ്ചിംഗ്" പദ്ധതി</u><br><br>കൃത്രിമപ്പാരുകൾ സ്ഥാപിക്കുന്ന പദ്ധതിയോടനുബന്ധിച്ച്, നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് (NFDB) മുഖാന്തരം നടപ്പാക്കുന്ന "സീ റാഞ്ചിംഗ്" പദ്ധതി പ്രകാരം 3 കോടി രൂപയുടെ (100% കേന്ദ്ര വിഹിതം) പദ്ധതിക്ക് അംഗീകാരം ലഭ്യമായിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ |

കൃത്രിമപ്പാരുകൾ നിക്ഷേപിച്ചിട്ടുള്ള തിരഞ്ഞെടുക്കപ്പെട്ട 10 ലോക്കേഷനുകളിലായി 10 ലക്ഷം പോമ്പാനോ/കോബിയ എന്നീ ഇനങ്ങളിൽപ്പെട്ട മത്സ്യ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനു ഫിഷറീസ് വകുപ്പ് നടപടികൾ ആരംഭിച്ചു കഴിഞ്ഞു. തീരക്കടലിൽ കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്നതിലൂടെ സൃഷ്ടിക്കപ്പെടുന്ന കൃത്രിമമായ ആവാസ വ്യവസ്ഥ വഴി ലഭിക്കുന്ന മത്സ്യങ്ങളെ കൂടാതെ പ്രസ്തുത പദ്ധതി പ്രകാരം നിക്ഷേപിക്കപ്പെടുന്ന വാണിജ്യ പ്രാധാന്യമേറിയ മത്സ്യകുഞ്ഞുങ്ങൾകൂടി ആകുമ്പോൾ മേൽ പ്രദേശങ്ങളിൽ നിന്നും ജില്ലയിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അധികമായി മത്സ്യങ്ങൾ ലഭിക്കുകയും അതിലൂടെ അവർക്ക് കൂടുതൽ മെച്ചപ്പെട്ട രീതിയിലുള്ള വരുമാന വർദ്ധനവും സാധ്യമാക്കുന്നതാണ്.

'ശുചിത്വ സാഗരം' പദ്ധതി

കടലിന്റെ അടിത്തട്ടിൽ ടൺ കണക്കിന് പ്ലാസ്റ്റിക് മാലിന്യങ്ങൾ അടിഞ്ഞുകൂടുന്നതു മത്സ്യമേഖലയ്ക്ക് ഭീഷണിയാകുമെന്നു മനസ്സിലാക്കി ഫിഷറീസ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുകളുടെ നേതൃത്വത്തിൽ ബോട്ടുടമകൾ, മത്സ്യത്തൊഴിലാളികൾ, സാഫ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ശുചിത്വ മിഷൻ, ക്ലീൻ കേരള മിഷൻ എന്നിവരുടെ സഹകരണത്തോടെ 'ശുചിത്വ സാഗരം' പദ്ധതി ആവിഷ്കരിച്ചു ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തിരം നടപ്പാക്കി വരുന്നുണ്ട്. വിവിധ മത്സ്യ വർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ സംരക്ഷിയ്ക്കുന്നതിനു കണ്ടൽക്കാടുകൾ വച്ച് പിടിപ്പിക്കുന്ന പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാന സമുദ്ര മത്സ്യബന്ധന മേഖലയിൽ വിഭവപരിപാലനവും നിരീക്ഷണവും സംരക്ഷണവും ഫലപ്രദമായി നടപ്പിലാക്കുന്നതിന് ത്രിതല മാനേജ്മെന്റ് സംവിധാനമായ സംസ്ഥാന, ജില്ലാ, വില്ലേജ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കെ. എം. എഫ്. ആർ. നിയമം നടപ്പാക്കൽ

കെ. എം. എഫ്. ആർ. (KMFR) നിയമം 2017- ൽ കാലോചിതമായി പരിഷ്കരിക്കുകയും 2018- ൽ പുതിയ കെ.എം.എഫ്.ആർ റൂൾ നടപ്പാക്കുകയും ചെയ്യുക വഴി ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുകയും സി.എം.എഫ്.ആർ.ഐ- യുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ തീരക്കടലിൽ സുലഭമായ 58 ഇനം മൽസ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം (MLS) നിശ്ചയിച്ചു ശക്തമായി നടപ്പിലാക്കിവരുന്നു. കടൽ മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനും അതിലൂടെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുവാൻ ഉതകുന്ന തരത്തിൽ വിവിധ മത്സ്യ വർഗ്ഗങ്ങളുടെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ

സംരക്ഷിയ്ക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനായി ട്രോൾ നെറ്റുകളുടെ കോഡ് എൻഡിൽ സ്ക്വയർ മെഷ് നിർബ്ബന്ധമാക്കുകയും പ്രധാനപ്പെട്ട എല്ലാ വലകളുടെയും ആകെ വലിപ്പം നിയന്ത്രിക്കുകയും കുറഞ്ഞ കണ്ണി വലിപ്പം നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. തീരക്കടലിലെ മത്സ്യബന്ധന സമ്മർദ്ദം കുറയ്ക്കുന്നതിനായി 20 മീറ്റർ വരെ നീളമുള്ളതും, 250 HP വരെ എൻജിൻ ക്ഷമതയുള്ളതുമായ യാനങ്ങൾക്കു മാത്രമായി തീരക്കടലിൽ (കരയിൽ നിന്നും 12 നോട്ടിക്കൽ മൈൽ വരെ) മത്സ്യബന്ധന ലൈസൻസ് പരിമിതപ്പെടുത്തി. പേഴ്സ് സീൻ, പെലാജിക് ട്രോൾ, മിഡ് വാട്ടർ ട്രോൾ, പെയർ ട്രോൾ എന്നീ നശീകരണ മൽസ്യബന്ധന രീതികൾ കെ.എം.എഫ്.ആർ ആക്ട്, കെ.എം.എഫ്.ആർ റൂൾസ് എന്നിവയുടെ അടിസ്ഥാനത്തിൽ നിരോധിച്ചു. നിയമ ലംഘനങ്ങൾക്കു വർദ്ധിച്ച പിഴ ഏർപ്പെടുത്തി. സംസ്ഥാനത്തു പ്രവർത്തിക്കുന്ന ബോട്ട് ബിൽഡിംഗ് യാർഡുകൾക്കും, മൽസ്യബന്ധന വല നിർമാണ സ്ഥാപനങ്ങൾക്കും രജിസ്ട്രേഷൻ ഏർപ്പെടുത്തി. കൂടാതെ ട്രോൾബാൻ 47 ദിവസത്തിൽ നിന്നും 52 ദിവസമായി വർദ്ധിപ്പിച്ച് കാലാകാലങ്ങളിൽ നടപ്പിലാക്കിവരുന്നു.

<u>ഉൾനാടൻ മത്സ്യ കൃഷി വ്യാപിപ്പിക്കൽ</u>

സംസ്ഥാനത്ത് ഉൾനാടൻ മത്സ്യ കൃഷി വ്യാപിപ്പിക്കുന്നതിനും മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി/ജനകീയ മത്സ്യകൃഷി പദ്ധതി, ഉൾനാടൻ ജല ആവാസ വ്യവസ്ഥ സംയോജിത മത്സ്യ വിഭവ പരിപാലനം, ജലവിഭവങ്ങളുടെ സംരക്ഷണവും പരിപാലനവും, കേരള റിസർവോയർ ഫിഷറീസ് വികസന പദ്ധതി, പിന്നാമ്പുറങ്ങളിലെ മത്സ്യ വിത്ത് ഉത്പാദന യൂണിറ്റ് തുടങ്ങിയ വിവിധ സംസ്ഥാനാവിഷ്കൃത പദ്ധതികളിലും കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (പി.എം.എം.എസ്.വൈ) പദ്ധതിയിലും ഉൾപ്പെടുത്തി വിവിധ മത്സ്യ കൃഷി പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ടി മത്സ്യകൃഷി രീതികൾക്ക് ആവശ്യമായ ഗുണമേന്മയുള്ള മത്സ്യ വിത്തുകൾ കർഷകർക്ക് ലഭ്യമാക്കുന്നതിനായി പുതിയ ഹാച്ചറികൾ സ്ഥാപിക്കുന്നതിനും ഹാച്ചറികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും നിലവിലുള്ള ഹാച്ചറികളിലെ മത്സ്യവിത്തുല്പാദന പ്രവർത്തന ചെലവുകൾക്കായി സംസ്ഥാന ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

വിവിധ പദ്ധതികളിലൂടെ മത്സ്യ കൃഷിയിലും മത്സ്യ ഇനങ്ങളിലും വൈവിധ്യവൽക്കരണം സാധ്യമാക്കിയത് വഴി ഉൾനാടൻ മത്സ്യോൽപ്പാദനം 2019-20 ൽ 2.05 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 2023-24 ൽ 2.51 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിച്ചു. ഇതിൽ മത്സ്യകൃഷിയിൽ നിന്നുള്ള ഉൽപ്പാദനം 0.25 ലക്ഷം മെട്രിക് ടണ്ണിൽ നിന്നും 0.41 ലക്ഷം

മെട്രിക് ടൺ ആയി വർദ്ധിച്ചു. മത്സ്യബന്ധനത്തിൽ നിന്നുള്ള ഉല്പാദനം 1.8 ലക്ഷം മെട്രിക് ടണ്ണിൽ നിന്നും 2.10 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിച്ചു. സർക്കാർ ഫാമുകളിൽ നിന്നും ഹാച്ചറികളിൽ നിന്നുമുള്ള മത്സ്യ ചെമ്മീൻ വിത്തുൽപ്പാദനം 2022-23 ൽ 1200.55 ലക്ഷത്തിൽ നിന്നും 2023-24 ൽ 1339.78 ലക്ഷമായി ഉയർന്നു.

കഴിഞ്ഞ പത്ത് വർഷത്തെ കടൽ, ഉൾനാടൻ മത്സ്യലഭ്യതയുടെ കണക്ക് ചുവടെ പട്ടികയിൽ പറയും പ്രകാരമാണ്.

| Production details (Year wise) | Production in Marine Sector (in lakh MT) | Production in Inland Sector (in Lakh MT) |
|---|---|---|
| 2014-15 | 5.24 | 2.01 |
| 2015-16 | 5.16 | 2.10 |
| 2016-17 | 4.88 | 1.88 |
| 2017-18 | 4.83 | 1.89 |
| 2018-19 | 6.09 | 1.92 |
| 2019-20 | 4.75 | 2.05 |
| 2020-21 | 3.91 | 2.24 |
| 2021-22 | 6.01 | 2.25 |
| 2022-23 | 6.90 | 2.29 |
| 2023-24 | 5.81 | 2.51 |

മത്സ്യത്തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കാൻ സംസ്ഥാന സർക്കാരും ബന്ധപ്പെട്ട ഏജൻസികളും നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. പ്രധാനപ്പെട്ട പദ്ധതികൾ ചുവടെ പറയുന്നവയാണ്.

നിലവിലുള്ള മണ്ണെണ്ണ എഞ്ചിനുകൾ ഡീസൽ, പെട്രോൾ, എൽ.പി.ജി എഞ്ചിനുകളാക്കി മാറ്റുന്ന പ്രവർത്തനങ്ങൾ, പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ നൽകുന്ന പദ്ധതി, പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് കവറേജ്, പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് എഫ്.ആർ.പി യാനങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി, സമ്പാദ്യ സമാശ്വാസ പദ്ധതി, തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരുടെ പുനരധിവാസ പദ്ധതികൾ, വിദ്യാഭ്യാസ സഹായ പദ്ധതികൾ എന്നീ പദ്ധതികൾ വകുപ്പ് നേരിട്ട് നടപ്പാക്കി വരുന്നു.

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി, മത്സ്യബന്ധന സമയത്തോ തൊട്ടുപിന്നാലെയോ അപകടം കൊണ്ടല്ലാതെ ആകസ്മിക

| | | | |
|---|---|---|---|
| | | | കാരണങ്ങളാൽ ഉണ്ടാകുന്ന മരണത്തിന് ആശ്രിതർക്ക് ധനസഹായം, വിവാഹ ധനസഹായ പദ്ധതി, മത്സ്യത്തൊഴിലാളികളുടെ ആശ്രിതരുടെ മരണാന്തര ചെലവുകൾക്ക് ധനസഹായം നൽകുന്ന പദ്ധതി, വാർദ്ധക്യ കാല പെൻഷൻ, അപകടം മൂലമുണ്ടാകുന്ന താൽക്കാലിക അവശതകൾക്ക് ആശ്വാസ ധനസഹായ പദ്ധതി, മത്സ്യത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായ പദ്ധതി, എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നത വിജയം നേടുന്നവർക്ക് ക്യാഷ് അവാർഡ്, കുടുംബ സംവിധാന പദ്ധതി, മാരക രോഗ ചികിത്സാ പദ്ധതി, ചെയർമാൻസ് റിലീഫ് ഫണ്ട്, പ്രസവ ശുശ്രൂഷക്കുള്ള ധനസഹായ പദ്ധതി, ഉന്നത വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതി, വിധവാ പെൻഷൻ, കായിക വിനോദ മത്സരത്തിൽ വിജയം നേടുന്നവർക്ക് പ്രോത്സാഹന പദ്ധതി, തണൽ പദ്ധതി, സ്വാന്തന തീരം, മത്സ്യ ബോർഡിന്റെ പ്രത്യേക ധനസഹായം എന്നീ പദ്ധതികൾ നടപ്പാക്കി വരുന്നു.<br><br>ദേശീയ സഹകരണ വികസന കോർപ്പറേഷൻ (എൻ.സി.ഡി.സി) ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി), നാടൻ വള്ളങ്ങളുടെ നവീകരണം, സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണ പദ്ധതി, വലകൾക്കുള്ള സബ്സിഡി പദ്ധതി, മത്സ്യബന്ധനത്തിന് ഉപയോഗപ്രദമായ വിവിധ വാണിജ്യ പ്രവർത്തനങ്ങൾ, മത്സ്യത്തൊഴിലാളി അപകട ഇൻഷ്വറൻസ് പദ്ധതി, മത്സ്യത്തൊഴിലാളി ക്ഷേമനിധി, വിദ്യാഭ്യാസ അവാർഡ് മികവ് എന്നീ പദ്ധതികൾ മത്സ്യഫെഡ് വഴി നടപ്പാക്കി വരുന്നു.<br><br>മത്സ്യത്തൊഴിലാളി വനിത ക്ഷേമ പദ്ധതികളായ ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (ഡി.എം.ഇ) ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെ.എൽ.ജി) എന്നിവ സാഫ് മുഖേന നടപ്പാക്കുന്നു. |
| (ബി) | വളർച്ചയെത്താത്ത കടൽമത്സ്യങ്ങളെ പിടിക്കുന്നത് നിയന്ത്രിക്കാൻ മത്സ്യ ഇനങ്ങളുടെ വലിപ്പം നിജപ്പെടുത്തി വിജ്ഞാപനം ചെയ്തതുമൂലം ചെറുമത്സ്യ ചൂഷണം തടയാനും അതുവഴി മത്സ്യോല്പാദനത്തിൽ ഗണ്യമായ വർദ്ധനവ് നേടാനും സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ചെറുമീനുകളെ കൂട്ടത്തോടെ പിടിച്ചെടുക്കുന്നത് മത്സ്യവിഭവശോഷണത്തിന് ഹേതുവാകും എന്ന് മനസ്സിലാക്കി സി.എം.എഫ്.ആർ.ഐ-യുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ തീരക്കടലിൽ സുലഭമായ 58 ഇനം മൽസ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന കുറഞ്ഞ വലിപ്പം (എം.എൽ.എസ്) നിശ്ചയിച്ച് ശക്തമായി നടപ്പിലാക്കി വരുന്നു. മത്സ്യത്തൊഴിലാളികളുടെ കൂടി പങ്കാളിത്തമുണ്ടെങ്കിലേ ഇത്തരം അശാസ്ത്രീയ മൽസ്യബന്ധനം തടയാൻ സാധിക്കൂ എന്നതിനാൽ 2017-ലെ കെ.എം.എഫ്.ആർ.എ പരിഷ്കരണത്തിലൂടെ മത്സ്യത്തൊഴിലാളികളുടെ കൂടി പങ്കാളിത്തത്തോടെ ത്രിതല മാനേജ്മെന്റ് സംവിധാനമായ സംസ്ഥാന, ജില്ലാ, വില്ലേജ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഉത്തരവാദിത്വ മത്സ്യബന്ധനത്തെക്കുറിച്ചും മത്സ്യ സമ്പത്തിന്റെ |

| | | | |
|---|---|---|---|
| | | | സംരക്ഷണത്തെക്കുറിച്ചും സമുദ്ര മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവർക്കും തീരദേശവാസികൾക്കും ആവശ്യമായ ബോധവൽക്കരണം നടത്തുന്നതിന് ഫിഷിങ് വില്ലേജ് മാനേജ്മെന്റ് കൗൺസിലുകൾ പ്രധാന പങ്ക് വഹിക്കുന്നു.<br><br>കെ. എം. എഫ്. ആർ. നിയമം 2017-ൽ കാലോചിതമായി പരിഷ്കരിക്കുകയും 2018-ൽ പുതിയ കെ. എം. എഫ്. ആർ. റൂൾ നടപ്പാക്കുകയും ചെയ്യുക വഴി ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുകയും എം.എൽ.എസ് നിശ്ചയിച്ച് ശക്തമായി നടപ്പിലാക്കിയതിന്റെയും ഫലമായി കടൽ മത്സ്യസമ്പത്ത് 2018-19-ൽ 6.09 ലക്ഷം ടണ്ണായി വർദ്ധിക്കുകയും ചെയ്തിരുന്നു. എന്നാൽ തുടർന്നുള്ള രണ്ടു വർഷങ്ങളിൽ കടൽ മത്സ്യ ലഭ്യത വീണ്ടും കുറയുകയുണ്ടായി. 2019-2020 ലും, 2020-2021 ലും മത്സ്യലഭ്യത കുറയാനുള്ള പ്രധാന കാരണം കോവിഡ് പ്രതിസന്ധി, കാലാവസ്ഥ മുന്നറിയിപ്പ് എന്നിവ മൂലം മത്സ്യബന്ധന ദിവസങ്ങൾ കുറഞ്ഞതാണ്. 2021-2022 ൽ കടൽ മത്സ്യലഭ്യത വീണ്ടും കൂടി വന്നു. 2022-2023 ൽ കടൽ മത്സ്യ ലഭ്യത 6.90 ലക്ഷം ടൺ ആയി വർദ്ധിച്ചിട്ടുണ്ട്. 2023-24 ൽ കാലാവസ്ഥാ മുന്നറിയിപ്പും കള്ളക്കടൽ പ്രതിഭാസവും മറ്റും മൂലം മത്സ്യ ലഭ്യതയിൽ കഴിഞ്ഞ വർഷത്തേക്കാൾ നേരിയ കുറവുണ്ടായി 5.81 ലക്ഷം മെട്രിക് ടണ്ണായിട്ടുണ്ട്. കഴിഞ്ഞ 10 വർഷത്തെ കടൽ മത്സ്യ ഉല്പാദനം ചുവടെ പട്ടികയിൽ പറയും പ്രകാരമാണ്. |

| Production details (Year wise) | Production in Marine Sector (in lakh MT) |
|---|---|
| 2014-15 | 5.24 |
| 2015-16 | 5.16 |
| 2016-17 | 4.88 |
| 2017-18 | 4.83 |
| 2018-19 | 6.09 |
| 2019-20 | 4.75 |
| 2020-21 | 3.91 |
| 2021-22 | 6.01 |
| 2022-23 | 6.90 |
| 2023-24 | 5.81 |

| | | | |
|---|---|---|---|
| (സി) | കടലിന്റെ അടിത്തട്ടിലെ പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ നീക്കംചെയ്യാൻ ആരംഭിച്ച ശുചിത്വ സാഗരം പദ്ധതിയുടെ വിശദാംശം നല്കുമോ? | (സി) | 2018 വർഷം മുതൽ നീണ്ടകര ഹാർബർ കേന്ദ്രീകരിച്ച് ട്രോൾ ബോട്ട് ഉടമകളുടെയും തൊഴിലാളികളുടെയും സഹകരണത്തോടെ 'ശുചിത്വ സാഗരം' എന്ന പദ്ധതി വിജയകരമായി നടപ്പിലാക്കി വരുന്നു. കടലിന്റെ അടിത്തട്ടിൽ അടിഞ്ഞുകൂടിക്കൊണ്ടിരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ കടലിന്റെ ആവാസ വ്യവസ്ഥയെയും ജൈവ സമ്പത്തിനെയും സാരമായി ബാധിക്കുകയും കടലിൽ വല ഉപയോഗിച്ച് |

| | | | |
|---|---|---|---|
| | | | മത്സ്യബന്ധനം നടത്തുന്ന ബോട്ടുകൾക്ക് മത്സ്യത്തോടൊപ്പം വലിയൊരു പങ്ക് പ്ലാസ്റ്റിക് മാലിന്യങ്ങൾ വലയിൽ കുടുങ്ങുകയും ചെയ്യുന്നു. ഇത് മത്സ്യബന്ധന പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാക്കുന്നു. അങ്ങനെ എത്തിപ്പെടുന്ന പ്ലാസ്റ്റിക് തിരികെ കടലിലേയ്ക്ക് വലിച്ചെറിയാതെ പ്രത്യേകമായി നൽകുന്ന ബാഗുകളിലാക്കി കരയിലെത്തിക്കുകയും ഹാർബറിൽവെച്ച് പദ്ധതി പ്രവർത്തകർ അത് ഏറ്റുവാങ്ങി വൃത്തിയാക്കി റീസൈക്ലിംഗിന് വിധേയമാക്കി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നതാണ് 'ശുചിത്വ സാഗരം' പദ്ധതി. ഷ്രെഡിംഗ് യൂണിറ്റിൽ റീസൈക്ലിംഗിന് വിധേയമാക്കിയ പ്ലാസ്റ്റിക് റോഡ് ടാറിംഗ് പ്രവർത്തികൾക്ക് ഉപയോഗിച്ചുവരുന്നു. കൊല്ലം നീണ്ടകരയിൽ സ്ഥാപിച്ചിട്ടുള്ള ഷ്രെഡിംഗ് യൂണിറ്റിൽ ഒരു ദിവസം 100 കി.ഗ്രാം പ്ലാസ്റ്റിക് ഷ്രെഡ് ചെയ്യാൻ കഴിയും. ശുചിത്വസാഗരം പദ്ധതിയുടെ ഭാഗമായി കടലിൽ നിന്നും ഇതുവര 145 ടൺ ഓളം പ്ലാസ്റ്റിക്കും വിവിധ പഞ്ചായത്തുകളിൽ നിന്നായി ഇതുവരെ 49 ടൺ ഓളം പ്ലാസ്റ്റിക്കും ശേഖരിച്ചിട്ടുണ്ട്. ആയതിൽ 92 ടൺ ഓളം ഇതുവരെ ഷ്രെഡിംഗിന് വിധേയമാക്കി റോഡ് ടാറിംഗ് പ്രവർത്തികൾക്കും മറ്റും നൽകി വരുന്നു.<br><br>കടലും കടൽത്തീരവും പ്ലാസ്റ്റിക് മാലിന്യമുക്തമാക്കുന്നതിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച മറ്റൊരു പദ്ധതിയാണ് 'ശുചിത്വ സാഗരം സുന്ദര തീരം'. കടലിനെയും കടലോരത്തെയും പ്ലാസ്റ്റിക് മുക്തമാക്കി സ്വാഭാവിക ആവാസ വ്യവസ്ഥ വീണ്ടെടുക്കുന്നതിനായി മത്സ്യ ത്തൊഴിലാളികൾ, ബോട്ടുടമകൾ, മറ്റ് സന്നദ്ധ സംഘടനകൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ തുടങ്ങി മുഴുവൻ ജനവിഭാഗങ്ങളുടെയും സഹകരണത്തോടെ കടലും, തീരവും പ്ലാസ്റ്റിക്ക് മുക്തമാക്കുക എന്നതാണ് 'ശുചിത്വ സാഗരം' പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. പദ്ധതി മൂന്ന് ഘട്ടങ്ങളിലായാണ് നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചിരുന്നത്. സാധ്യമായ എല്ലാ മാർഗ്ഗങ്ങളും ഉപയോഗിച്ചുള്ള ബോധവത്കരണ പ്രവർത്തനങ്ങളാണ് ഒന്നാം ഘട്ടത്തിൽ നടപ്പിലാക്കുന്നത്. 2022 ജൂൺ മാസം 8 ന് സംസ്ഥാനതല ഉദ്ഘാടനത്തോടുകൂടി ഒന്നാംഘട്ടമായ ബോധവത്കരണ ക്യാമ്പയിൻ ആരംഭിച്ചിരുന്നു. ഒരു ദിവസം നീണ്ടുനിൽക്കുന്ന പ്ലാസ്റ്റിക്ക് മാലിന്യ ശേഖരണവും അതിന്റെ പുനരുപയോഗവുമാണ് രണ്ടാം ഘട്ടത്തിൽ നടത്തുന്നത്. ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസൃതമായി രണ്ടാം ഘട്ടം നടപ്പാക്കുന്നതാണ്. ലോക ശ്രദ്ധ പിടിച്ച് പറ്റിയ ശുചിത്വ സാഗരം സംസ്ഥാനത്തെ പൂർണ്ണ തോതിൽ പ്രവർത്തിയ്ക്കുന്ന മറ്റ് ഹാർബറുകളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുകയാണ് മൂന്നാം ഘട്ടത്തിൽ ഉദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ